കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2002-2003 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ) നം.2400//2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 04.08.2015

---

പരാമർശം : 1. ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12.09.2015 – തിയതിയിലെ എ 1 - 930/06 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 18.03.2015 – തിയതിയിലെ എം3/7751/15 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24.07.2015 തിയതിയിലെ എൽ.എഫ്.6243/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2002-2003 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വികലാംഗർക്ക് ഉപകരണങ്ങൾ നൽകൽ എന്ന പദ്ധതിയുടെ ചെലവിനത്തിലുള്ള 63,750 ( അറുപത്തി മൂവായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) രൂപാ സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതിനാൽ തടസ്സപ്പെടുത്തിയിരുന്നു. നിർവഹണ ഉദ്യോഗസ്ഥന്റെ പരിചയക്കുറവു മൂലമുണ്ടായ അപാകങ്ങളാണ് പദ്ധതി നടത്തിപ്പിലുണ്ടായതെന്നും വികലാംഗർക്കുള്ള ഉപകരണങ്ങൾ യഥാവിധി വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 24.12.2014 – ൽ കൂടിയ ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 22.08.2014 -ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, 24.12.2014 – ൽ കൂടിയ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം,

പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ 2002-2003 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 – ന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതിനാൽ കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2002-2003 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന "വികലാംഗർക്ക് ഉപകരണങ്ങൾ നൽകൽ" എന്ന പദ്ധതിയുടെ ചെലവിനത്തിലുള്ള 63,750 ( അറുപത്തി മൂവായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയുടെ ചെലവിന് 22.08.2014 -ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, 24.12.2014 – ൽ കൂടിയ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.പ്രവീൺ
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ